(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കോർപ്പറേഷൻ രൂപീകരണത്തിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പാർപ്പിട വികസനത്തിന് സഹായകമാകുംവിധം പ്രസ്തുത കോർപ്പറേഷനെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 1956-ലെ കമ്പനീസ് ആക്ട് പ്രകാരം 19-7-2013-ന് സംസ്ഥാനത്ത് പൊതുമേഖലയിൽ, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചു.

(ബി) നാഷണൽ ഹൗസിംഗ് ബാങ്ക് മുതലായ സ്ഥാപനങ്ങളിൽനിന്നും ധനസമാഹരണം നടത്തി സംസ്ഥാനത്തെ ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഭവന നിർമ്മാണ ഏജൻസികൾക്കും വ്യക്തികൾക്കും ന്യായമായ നിരക്കിൽ ഭവന വായ്പ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളത്.

(സി&ഡി) പാർപ്പിട വികസനത്തിന് സഹായകരമാകും വിധം കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഷെൽട്ടർ ഫണ്ട് (അഭയ നിധി), സാങ്കേതിക വികസന നിധി (ടെക്നോളജി ഇന്നൊവേഷൻ ഫണ്ട്) എന്നിവയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കോർപ്പറേഷൻ പൂർണ്ണരൂപത്തിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

അഫോർഡബിൾ ഹൗസിംഗ് സ്കീം

255 (603) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഫോർഡബിൾ ഹൗസിംഗ് സ്കീമിനു രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്കീം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) എല്ലാവർക്കും ഭൂമി, വീട് എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) സ്കീമിന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ-ഡി) അഫോർഡബിൾ ഹൗസിംഗ് സ്കീം രൂപീകരിച്ചിട്ടില്ല

സംസ്ഥാനത്തെ ചെറുകിട വ്യവസായ വളർച്ച

256(605) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം ചെറുകിട വ്യവസായ വളർച്ചയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നേട്ടങ്ങൾ കരസ്ഥമാക്കാൻ ഈ സർക്കാറിന്റെ കാലത്ത് എന്തെല്ലാം നടപടികൾ കൈകൊള്ളുകയുണ്ടായി എന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുതമേഖലയിൽ എന്തെല്ലാം ഊന്നലുകളാണ് ഈ സർക്കാർ നൽകിയത് എന്ന് വ്യക്തമാക്കാമോ ;

(ഡി) എത്ര ശതമാനം വളർച്ചാനിരക്കാണ് പ്രസ്തുത മേഖലയിൽ കൈവരിച്ചത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 09.94% സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നു. കൂടാതെ മൊത്തം ജനസംഖ്യയുടെ 04.32% സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഇത് മറ്റ് സംസ്ഥാനങ്ങളേക്കാൾ വളരെ കൂടുതലാണ്.

(ബി) സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്.), പ്രധാനമന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി (പി.എം.ഇ.ജി.പി.) എന്നീ സ്കീമുകളുടെ ഫലപ്രദമായ നടത്തിപ്പ്, ബ്ലോക്ക്-താലൂക്ക്-ജില്ലാ തലങ്ങളിൽ നടത്താറുള്ള സംരംഭകത്വ ബോധവൽക്കരണ സെമിനാറുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി

LIBRARY ARCHIVES Kerala Legislative Assembly